(ബി) നെല്ലിന് സർക്കാർ നിശ്ചയിച്ച താങ്ങുവില നൽകാതെ കർഷകരെ ചൂഷണം ചെയ്യുകയും കബളിപ്പിക്കുകയും ചെയ്യുന്ന സ്വകാര്യ നെല്ലുകുത്ത് കമ്പനികളെയും ഏജന്റുമാരെയും നിയന്ത്രിക്കുന്നതിനും കർഷകർക്ക് ന്യായവില നൽകുന്നതിനും നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) നാട്ടിക നിയോജക മണ്ഡലത്തിലെ ചാഴൂർ പഞ്ചായത്തിൽപ്പെടുന്ന ജയന്തി കോൾപടവിലെ നെൽകൃഷിക്കാർ നിവേദനം നൽകിയിട്ടില്ല. നെല്ല് കെട്ടിക്കിടക്കുന്ന വിവരവും ലഭിച്ചിട്ടില്ല. കേന്ദ്ര സർക്കാരിന്റെ നിശ്ചിത ഗുണനിലവാര മാനദണ്ഡ പ്രകാരമുള്ള എല്ലാ നെല്ലും സംഭരിച്ചിട്ടുള്ളതായി കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്.

(ബി) നെൽകർഷകരെ ചൂഷണത്തിൽ നിന്നും സംരക്ഷിക്കുന്നതിനും നെല്ലിന് ന്യായമായ വില ഉറപ്പാക്കുന്നതിനുമാണ് സംസ്ഥാന സർക്കാർ ഉയർന്ന താങ്ങുവില നൽകി സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന എല്ലാ ജില്ലകളിലെയും കർഷകരിൽ നിന്നും നെല്ല് സംഭരണം നടത്തുന്നത്. സംസ്ഥാന സർക്കാർ ഇപ്പോൾ നെല്ലിന് നൽകിവരുന്ന താങ്ങുവില കിലോക്ക് 19 രൂപയാണ്. സംഭരിക്കുന്ന നെല്ലിന്റെ താങ്ങുവില സപ്ലൈകോ നേരിട്ട് കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നുണ്ട്. കൃഷിവകുപ്പിൽ നിന്നും സപ്ലൈകോയിലേക്ക് നിയമിക്കുന്ന പാഡി മാർക്കറ്റിംഗ് ഓഫീസർമാരുടെ മേൽനോട്ടത്തിൽ കേന്ദ്ര സർക്കാരിന്റെ നിശ്ചിത ഗുണനിലവാര മാനദണ്ഡ പ്രകാരമുള്ള നെല്ലാണ് സപ്ലൈകോ സംഭരിക്കുന്നത്.

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ തരിശുനിലങ്ങളിലെ നെൽകൃഷി

128 (7425) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തരിശു നിലങ്ങളിൽ നെൽകൃഷി നടത്തുന്ന പദ്ധതിയിൽപ്പെടുത്തി ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ 2013-14 സാമ്പത്തിക വർഷത്തിൽ ഏതൊക്കെ പാടശേഖരങ്ങളിലാണ് കൃഷി നടത്തിയത് ;

(ബി) ഈ സാമ്പത്തിക വർഷത്തിൽ എത്ര പാടശേഖരങ്ങളിൽ കൃഷി നടത്താൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തരിശുനിലങ്ങളിൽ നെൽകൃഷി നടത്തുന്ന പദ്ധതിയിൽപ്പെടുത്തി ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ 2013-14 സാമ്പത്തിക വർഷത്തിൽ തരിശ് നെൽകൃഷി നടപ്പിലാക്കിയ പാടശേഖരങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

പാടശേഖരങ്ങളുടെ പേര്	വിസ്തീർണ്ണം (ഹെക്ടർ)
തെറ്റിച്ചാൽ പാടം	12
പനങ്ങോട്ടടി പാടം	8
നന്നാട്ടിറമ്പ് വെട്ടികാട്ട്	2
മൂന്നാംവേലി .	1
കരികടുമ്പുംകരി	4
കട്ടക്കുഴി പാടം	0.4
ഈര പൊങ്ങാനം പാടം	0.5
കൃഷ്ണൻകരി പാടശേഖരം	4
പടുവം പാടശേഖരം	1.4

(ബി) ഈ സാമ്പത്തിക വർഷം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ 5 പാടശേഖരങ്ങളിലാണ് കൃഷി നടത്താൻ ഉദ്ദേശിക്കുന്നത്.

ഉപ്പുവെള്ള പ്രതിരോധ ബണ്ട് നിർമ്മാണം

129 (7426) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് മുഖേന നെൽകൃഷി സംരക്ഷിക്കുന്നതിനും ഉപ്പുവെള്ള പ്രതിരോധ ബണ്ട് നിർമ്മിക്കുന്നതിനും എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നത് ;

(ബി) കണ്ണൂർ ജില്ലയിലെ മാട്ടൂൽ പഞ്ചായത്തിലെ തെക്കുമ്പാട് പാടശേഖരത്ത് ഉപ്പുവെള്ളം കയറി കൃഷി ചെയ്യാൻ പറ്റാത്ത അവസ്ഥയിലാണുള്ളത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇവിടെ നെൽകൃഷി ചെയ്യുന്നതിനും നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനും പുഴഭാഗം കല്ല് കെട്ടി ഉപ്പുവെള്ള പ്രതിരോധ ബണ്ട് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേരള ഭൂവികസന കോർപ്പറേഷനാണ് ഇപ്പോൾ ഈ രീതിയിലുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നെൽകൃഷി ചെയ്യുന്നതിനും നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനുമുള്ള ബണ്ട് നിർമ്മിക്കുന്നതിന് കല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതി പ്രകാരം 2013-14-ൽ 3.46 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly